മേഖലകൾ (no go areas) രൂപീകരിക്കുവാനുള്ള ശിപാർശയും ആദിവാസി മേഖലയിലെ വനഭൂമി വനേതരാവശ്യങ്ങൾക്ക് കൈമാറുന്നതിന് മുമ്പ് ആദിവാസി ഗ്രാമസഭകളുടെ അംഗീകാരം വേണമെന്നുമുള്ള നിബന്ധന ഒഴിവാക്കാനുള്ള ശിപാർശയും ആദിവാസികളെ ദോഷകരമായി ബാധിക്കുമെന്ന് കേരള സർക്കാർ വനം മന്ത്രിമാരുടെ സമ്മേളനത്തിൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) കേരള സർക്കാരിന്റെ പ്രാഥമിക നിലപാടുകൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ അംഗീകരിച്ച് കേന്ദ്രസർക്കാർ ഉത്തരവിറക്കിയിട്ടില്ല.

ഓക്സ്ബോ തടാക സംരക്ഷണം

284 (3106) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ കാടുകുറ്റി പഞ്ചായത്തിലെ വെന്തലഭാഗത്ത് ചാലക്കുടിപ്പുഴയിൽ രൂപം കൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം സംരക്ഷിക്കുന്നതിനും ജൈവവൈവിദ്ധ്യ ബോർഡിന്റെകീഴിൽ പ്രകൃതി പൈതൃക ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നടപടികളുടെ വിശദ വിവരങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ചാലക്കുടി പുഴയിൽ കാടുകുറ്റി പഞ്ചായത്തിലെ വെന്തലഭാഗത്ത് രൂപംകൊണ്ടിട്ടുള്ള ഓക്സ്ബോ തടാകം ജൈവവൈവിധ്യ പൈതൃക സ്ഥാനമായി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) വെന്തല (ഓക്സ്ബോ) തടാകം പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 2013 ജൂൺ 29-ന് ദേശീയ ജൈവവൈവിധ്യ അതോറിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു സംഘം വിദഗ്ധർ ടി തടാകം സന്ദർശിച്ചിരുന്നു. 'ഓക്സ്ബോ' എന്നാൽ കുതിരക്കുളമ്പടി ആകൃതിയിലുള്ള മണൽത്തിട്ട എന്നാണ് നിർവചനം. എന്നാൽ അത്തരത്തിലുള്ള ഒരാകൃതി മേൽപ്പറഞ്ഞ വെന്തലയിൽ ഉണ്ടോ എന്ന സംശയം ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ ജിയോളജി വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തണമെന്ന് ദേശീയ ജൈവവൈവിധ്യ

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി ചെയർമാൻ നിർദ്ദേശിച്ചു. വൈന്തല തടാകത്തെ ഓക്സ്ബോ തടാകമായി കണക്കാക്കാൻ സാദ്ധ്യമല്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. എന്നാൽ വൈന്തല തടാകം സംരക്ഷിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വൈന്തല തടാക പ്രദേശത്തെ കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അതിർത്തി നിർണ്ണയിക്കുകയാണ് ആദ്യനടപടി. റവന്യൂ വകുപ്പിൽനിന്നും അതിർത്തി നിർണ്ണയിച്ച് ലഭിക്കുന്നതനുസരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് പഠനം

285 (3107) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം സംഭവിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ഏജൻസികളുടെ എന്തെങ്കിലും പഠനം ഇതേക്കുറിച്ച് നടന്നിട്ടുണ്ടോ ;

(സി) ഉഷ്ണക്കാറ്റ് വീശി പരിസ്ഥിതിക്ക് കോട്ടം സംഭവിച്ചത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിവിധ സർക്കാർ ഏജൻസികൾ ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(സി) ഇല്ല. ഇന്ത്യാ ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യ മീറ്റിറോളജിക്കൽ ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടിൻ പ്രകാരം ഈ സീസണിലെ സൗത്ത് വെസ്റ്റ് മൺസൂൺ മഴയുടെ ലഭ്യത പരിഗണിച്ച് ഇന്ത്യയിൽ ഒരിടത്തും ഉഷ്ണക്കാറ്റ് വീശാനുള്ള സാദ്ധ്യതയില്ല. ടി ഡിപ്പാർട്ടുമെന്റ് കേരളത്തിലാകമാനം കടലോര പ്രദേശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഒബ്സർവേറ്ററികളിൽനിന്ന് ലഭിച്ച ഡാറ്റാപ്രകാരം 2015 ജൂൺ മാസത്തിൽ അമിത താപം ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly